# സർക്കാർ കൈവിട്ട ശ്രീകാന്തിന് കൽപവൃക്ഷം തുണ

ആലുവ ● ചോറ്റാനിക്കര ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോ മെഡിക്കൽ കോളജിലെ എൽഡി ക്ലാർക്ക് എ. ശ്രീകാന്ത് , 60 ശതമാനത്തോളം വരുന്ന ശാരീരികവൈകല്യം വകവയ്ക്കാതെ ദിവസവും 20–30 തെങ്ങുകൾ കയറും .ജോലിയോടൊപ്പം കൊണ്ടുനടക്കുന്ന ഒരു ഹോബിയല്ല ഈ മുപ്പത്താറുകാരനു തെങ്ങുകയറ്റം. ജോലി ചെയ്തിട്ടും സർക്കാർ ശമ്പളം നൽകാതായപ്പോൾ ഉപജീവനത്തിനു കണ്ടെത്തിയ മറ്റൊരു മാർഗം.

തെങ്ങു പരിചരണത്തിൽ നാളികേര വികസന ബോർഡിന്റെ ശാസ്ത്രീയ പരിശീലനം നേടിയിട്ടുള്ള ശ്രീകാന്തിനെ എറണാകുളം ജില്ലയിലെ മികച്ച 15 'തെങ്ങിന്റെ ചങ്ങാതിമാരി'ലൊരാളായി ബോർഡ് തിരഞ്ഞെടുത്തു. നട്ടെല്ലിനെയും ഇടുപ്പു സന്ധികളെയും ബാധിക്കുന്ന ആംഗലോസിസ് സ്പോണ്ടിലോസിസ്, ഓസ്റ്റിയോ ആർത്രൈറ്റിസ് രോഗങ്ങൾ ബാധിച്ചു 2000ൽ കിടപ്പിലായ ശ്രീകാന്തിന്റെ ഇടുപ്പിലെ രണ്ടു സന്ധികൾ ശസ്ത്രക്രിയയിലൂടെ മാറ്റിവച്ചതാണ്.

കണ്ണികൾ ഉറച്ചുപോയതിനാൽ നട്ടെല്ലു വളയ്ക്കാനാവില്ല. നേരെമാത്രമേ നിൽക്കൂ. 1999ൽ ആണ് മെഡിക്കൽ കോളജിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചത്. പിറ്റേക്കൊല്ലം കോളജ് എയ്ഡഡ് ആക്കി. 2000 ഒക്ടോബർ മുതൽ 2004 ജനുവരി വരെ ശ്രീകാന്ത് ചികിൽസയ്ക്കായി അവധിയെടുത്തു. തിരിച്ചു ജോലിക്കെത്തിയപ്പോൾ 2000 ജനുവരി മുതൽ ലഭിക്കേണ്ട ശമ്പളമോ, മെഡിക്കൽ റീഇംപേഴ്സ്മെന്റോ ലഭിച്ചില്ല.

കോളജ് എയ്ഡഡാക്കിയപ്പോൾ 50 അനധ്യാപകരെ മാത്രമേ സർക്കാർ അംഗീകരിച്ചുള്ളൂ. അക്കൂട്ടത്തിൽ ശ്രീകാന്ത് ഉൾപ്പെടാതിരുന്നതാണു പ്രശ്നമായത്. ശമ്പളവും ആനുകൂല്യങ്ങളും കിട്ടാൻ 2006ൽ കോടതിയെ സമീപിച്ചു. തുടർന്നു 2007 ജനുവരി മുതൽ 2009 നവംബർ വരെ ശമ്പളം കിട്ടി. കുടിശിക നൽകാമെന്ന് അധികൃതർ വാക്കാൽ ഉറപ്പുനൽകിയെങ്കിലും പാലിച്ചില്ല.



ശ്രീകാന്ത് യന്ത്രസഹായത്തോടെ തെങ്ങു കയറുന്നു.

13 വർഷം ജോലി ചെയ്തിട്ട് കിട്ടിയതു മൂന്നുകൊല്ലത്തെ ശമ്പളം മാത്രമാണെന്നു ശ്രീകാന്ത് പറഞ്ഞു.

ചികിൽസയ്ക്കും ജോലിസ്ഥലത്തേക്കുള്ള യാത്രയ്ക്കും വരുമാനം തികയാതെ വന്നപ്പോൾ 2010 ജനുവരി മുതൽ ചോറ്റാനിക്കരയ്ക്കുള്ള പോക്കു നിർത്തി. മുൻ സർക്കാർ 'സൂപ്പർ ന്യൂമററി'യായി നിയമനം നൽകാമെന്നു പറഞ്ഞിരുന്നെങ്കിലും അതിനിടെ തിരഞ്ഞെടുപ്പു പ്രഖ്യാപിച്ചതിനാൽ നടന്നില്ല. വീട്ടിൽ ഫിസിയോതെറപ്പിയുമായി കഴിയുമ്പോഴാണ് നാളികേര വികസന ബോർഡിന്റെ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിപ്രകാരം തെങ്ങുകയറ്റ പരിശീലനം നൽകുന്ന അറിയിപ്പു കണ്ടത്.

ജില്ലയിലെ 560 തെങ്ങിന്റെ ചങ്ങാതിമാരിൽ വാഴക്കുളം ബ്ലോക്കിൽ നിന്നുള്ള ഏകയാളാണ് ശ്രീകാന്ത്. ബോർഡിന്റെ പ്രസിദ്ധീകരണത്തിൽ തന്റെ പേരും മൊബൈൽ നമ്പരും വന്നതോടെ, തെങ്ങു കയറാൻ ആവശ്യപ്പെട്ടു ഫോൺവിളികളുടെ ബഹളമാണെന്നു ശ്രീകാന്ത് പറഞ്ഞു. ചില ദിവസങ്ങളിൽ നൂറോളം കോൾ വരും. ശാരീരിക വൈകല്യം മൂലം ഒരു ദിവസം മുപ്പതിൽ കൂടുതൽ തെങ്ങിൽ കയറാനാവില്ല. രാവിലെ ആറു മുതൽ 11 വരെയും വൈകിട്ടു മൂന്നു മുതൽ 6.30 വരെയുമാണു തെങ്ങുകയറ്റം. 60–70 അടി ഉയരമുള്ള തെങ്ങിൽ യന്ത്രസഹായത്തോടെ നിഷ്പ്രയാസം കയറും. ഊട്ടി കൂനൂർ സ്വദേശിനി ഗായത്രിയാണ് ഭാര്യ. ഇടതു കൈയ്ക്കും കാലിനും സ്വാധീനക്കുറവുള്ള ഗായത്രി വീടിനടുത്തുള്ള അംഗൻവാടിയിൽ താൽക്കാലിക ഹെൽപ്പറായി പ്രവർത്തിക്കുന്നു.

മകൾ അശ്വതി എൽകെജി വിദ്യാർഥിനി.

ആലുവ ഫ്രണ്ട്ഷിപ്പ് ലെയ്നിൽ പൊതുമരാമത്തു വകുപ്പ് റിട്ട. സൂപ്രണ്ട് അനന്ത നായിക്കിന്റെയും കാർഷിക സർവകലാശാല റിട്ട. അസി. കൺട്രോളർ ശ്യാമളാദേവിയുടെയും മൂത്ത മകനാണ് ശ്രീകാന്ത്.

തെങ്ങുകയറ്റം പഠിച്ചതിനാൽ ഇപ്പോൾ ശ്രീകാന്തിനു സ്വന്തം കാര്യങ്ങൾക്കു മറ്റാരുടെയും മുൻപിൽ 'നട്ടെല്ലു വളയ്ക്കേ'ണ്ടതില്ല.